"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ശ്രീ. ശിവദാസൻ, s/o, ദാമോദരൻ, മേച്ചേരി ഹൗസ്, കെ പുരം, താനാളൂർ- ന് ഇ.എം.എസ്.ഭവന പദ്ധതി പ്രകാരം ലഭിച്ച ഭവന നിർമ്മാണ ധനസഹായ തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1166/2025/LSGD തീയതി,തിരുവനന്തപുരം, 12-05-2025

---

പരാമർശം:-

1. താനാളൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01.10.2024 ലെ 8 (1) നമ്പർ തീരുമാനം
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.04.2025, 23.04.2025 തീയതികളിലെ LSGD/PD/9481/2025-DPLC3 നമ്പർ കത്തുകൾ

**ഉത്തരവ്**

താനാളൂർ ഗ്രാമപഞ്ചായത്തിൽ നിന്നും 2011-12 സാമ്പത്തിക വർഷത്തിൽ ശ്രീ. ദാമോദരൻ, മേച്ചേരി ഹൗസ്, കെ പുരം, താനാളൂർ ന് ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് രണ്ട് ഗഡു ധനസഹായം (52,500 രൂപ) അനുവദിച്ചിരുന്നു. എന്നാൽ ടിയാന്റെ ഭാര്യയുടെ ചികിത്സയ്ക്കായി വലിയ തുക ചെലവഴിക്കേണ്ടി വന്നതിനാൽ വീട് പണി പൂർത്തീകരിക്കാൻ സാധിച്ചില്ല. ശ്രീ. ദാമോദരൻ മരണപ്പെട്ടതിനാൽ കൂലിപ്പണിക്കാരനായ മകൻ ശിവദാസന് രണ്ട് സഹോദരിമാരുടെ വിവാഹത്തെത്തുടർന്ന് വലിയ സാമ്പത്തിക ബാദ്ധ്യതയും കടവും ഉണ്ടായിട്ടുണ്ടെന്നും ആയതിനാൽ ടിയാന്റെ സാമ്പത്തിക പരാധീനത പരിഗണിച്ച് തുക തിരിച്ചടയ്ക്കുന്നതിൽ നിന്നും ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. ശിവദാസൻ തദ്ദേശ അദാലത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിന് ടി വസ്തു വിൽക്കുകയല്ലാതെ യാതൊരു നിർവ്വാഹവുമില്ലെന്നും ധനസഹായം കൈപ്പറ്റിയ ഗുണഭോക്താവും ഭാര്യയും മരണപ്പെട്ടിട്ടുണ്ട് എന്നും പഞ്ചായത്തിന് ബോദ്ധ്യപ്പെട്ടതിനാൽ ടിയാന് ലഭിച്ച ധനസഹായം പിഴപ്പലിശ സഹിതം തിരിച്ചടയ്ക്കുന്നതിൽ നിന്നും ഇളവ് നൽകുന്നതിന് സർക്കാരിൽ അപേക്ഷിക്കുവാൻ പരാമർശം 1 പ്രകാരം തീരുമാനിച്ചിട്ടുള്ളതായും, ഈ

വിഷയത്തിൽ അനുകൂല നടപടി സ്വീകരിക്കണമെന്നും പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ശിവദാസൻ, s/o, ദാമോദരൻ, മേച്ചേരി ഹൗസ്, കെ പുരം, താനാളൂർ- നെ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ലഭിച്ച ധനസഹായ തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, താനാളൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല
ശ്രീ. എം.ശിവദാസൻ,S/o ദാമോദരൻ (late),മേച്ചേരി ഹൗസ്, കെ.പുരം പി.ഒ., താനാളൂർ, മലപ്പുറം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 12-05-2025 15:21:17
സെക്ഷൻ ഓഫീസർ